ഉത്തരം.

(എ) അങ്ങിനെ ഒരു പ്ലാൻ ആലോചനയിൽ ഉണ്ട്.

(ബി) ഉണ്ട്.

ആയുർവേദാശുപത്രി.

365. [35] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളത്ത് ഒരു ആയുർവേദാശുപത്രി തുടങ്ങുവാൻ ഗവണ്മെൻറ് തയ്യാറാകുമോ?

ഉത്തരം.

താലൂക്കുതോറും ഓരോ ആശുപത്രിയും, പഞ്ചായത്തുതോറും ഓരോ ഡിസ്പെൻസറിയും സ്ഥാപിക്കുക എന്നുള്ളതാണ്, ഡവലപ്പുമെൻറ പദ്ധതിയനുസരിച്ച് അംഗീകരിച്ചിട്ടുള്ളത്. കുന്നംകുളം ഉൾപ്പെട്ട തലപ്പള്ളി താലൂക്കിൽ ഇപ്പോൾ ചെറുതുരുത്തിയിൽ ഒരു ആശുപത്രി നടന്നുവരുന്നുണ്ട്. അതുകൊണ്ട് കുന്നംകുളത്ത് ഒരു ആശുപത്രി ഉടനെ ആരംഭിക്കുന്ന കാര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

പൊതുക്കളിസ്ഥലം.

366. [36] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളത്ത് ഒരു പൊതു കളിസ്ഥലം അനുവദിച്ചുതരണമെന്നു കാണിച്ച് കുന്നംകുളം പൊതുജനങ്ങളിൽനിന്നും, മുനിസിപ്പാലിറ്റിയിൽനിന്നും ഒരു നിവേദനം ഗവണ്മെൻറിലേക്കു കിട്ടിയിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തു നടപടിയെടുത്തു?

ഉത്തരം.

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ഷോർട്ട് നോട്ടീസ് കവസ്റ്റ്യൻ.

സിറ്റി ബസ്സ് സർവ്വീസ്.

3. [3] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽനിന്നും ഏപ്രിൽ 1-ാംനു- മുതൽ ആരംഭിച്ചിരുന്ന കിഴക്കേക്കോട്ട—നരിമാമൂട് സിറ്റി ബസ്സ് സർവ്വീസ് നിറുത്തൽ ചെയ്യാൻ കാരണമെന്ത്; ഈ ലൈനിൽ ഓടുന്ന പ്രൈവറ് ബസ്സിലെ യാത്രക്കൂലി (നരിമാമൂട് നിന്നും തിരുവനന്തപുരത്തേയ്ക്ക്) എത്രയാണ്; ഇതു ഗവണ്മെൻറ് ട്രാൻസ്പോർട്ട ബസ്സിലെ നിരക്കിനെ അപേക്ഷിച്ച് കൂടുതലാണോ?

LIBRARY ARCHIVES Kerala Legislative Assembly